ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ കണ്ടക്ടർമാരുടെ ഒഴിവുകളൊന്നും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി & സി) പി. എസ്. സി. അഡ്വൈസ് മെമ്മോ അയച്ച 9300 ഉദ്യോഗാർത്ഥികളിൽ 8750 പേർക്ക് നിയമന ഉത്തരവ് അയച്ചിട്ടുണ്ട്. ബാക്കിയുള്ള 550 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി തുടർന്നുവരുന്നു.

ചാത്തന്നൂർ കെ. എസ്.ആർ. ടി. സി. ഡിപ്പോ

278 (2022) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ അടിസ്ഥാന സൗകര്യ കുറവുകൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത കുറവുകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ; അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത ഡിപ്പോയിൽ നടത്തിയിട്ടുള്ളത്; നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

1. ഓഫീസ് കെട്ടിടം
2. ഗാരേജ് യാർഡ്
3. ചുറ്റുമതിൽ
4. യാർഡ് ലൈറ്റിംഗ്

എന്നീ മേഖലയിൽ അടിസ്ഥാന സൗകര്യ കുറവുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 3 ബേ ഗ്യാരേജ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജൻറം ഫണ്ടിൽ ഉൾപ്പെടുത്തി സ്ത്രീകൾക്ക് മാത്രമായി വിശ്രമ മുറിയോടു കൂടിയ ടോയ്ലെറ്റ് ബ്ലോക്കും പൂർത്തീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യത അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ഒഴിവുകൾ

279 (2023) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യിൽ എത്ര കണ്ടക്ടർമാരുടേയും, ഡ്രൈവർമാരുടേയും ഒഴിവുകളാണ് ഉള്ളതെന്ന് പറയാമോ;

(ബി) ജീവനക്കാരുടെ കുറവുമൂലം പല ഷെഡ്യൂളുകളും മുടങ്ങുന്നതായും അതുമൂലം യാത്രക്കാർക്കുണ്ടാകുന്ന പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മറ്റ് ജില്ലകളിൽ അനുവദിച്ച തസ്തികകളേക്കാൾ കണ്ടക്ടർമാരും ഡ്രൈവർമാരും ഉണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ, എത്ര അധികം ജീവനക്കാരാണുള്ളതെന്ന പട്ടിക നൽകുമോ;

(ഇ) അവരെ കാസർഗോഡ് അടക്കമുള്ള ജില്ലകളിലേക്ക് പുനർ വിന്യസിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളിൽ കണ്ടക്ടർമാരുടേയും ഡ്രൈവർമാരുടെയും ഒഴിവുകൾ നിലവിലില്ല.

(ബി) ജീവനക്കാർ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതുകാരണം ചില ദിവസങ്ങളിൽ ചില ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യേണ്ടി വരാറുണ്ട്. അത്തരത്തിൽ ഷെഡ്യൂൾ ക്യാൻസൽ ചെയ്യുമ്പോൾ യാത്രക്കാർക്ക് പരമാവധി ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധം പ്രധാന ടിപ്പുകൾ ഇതര ഷെഡ്യൂളുകളിൽപ്പെടുത്തി സർവ്വീസ് നടത്താറുണ്ട്.

(സി-ഇ) മറ്റ് ജില്ലകളിൽ അനുവദിച്ച തസ്തികകളിൽ മാത്രമേ കണ്ടക്ടർമാരും ഡ്രൈവർമാരും ജോലി ചെയ്യുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly